

കൊടുങ്ങല്ലൂർ നഗരസഭ

ബഡ്ജറ്റ്

2023-24

കൊടുങ്ങല്ലൂർ നഗരസഭ

Ph : 0480 2802341

2022-2023 വർഷത്തെ പുതുക്കിയ ബഡ്ജറ്റും
2023-2024 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റും

എം.യു. ഷിനിജ
മുനിസിപ്പൽ ചെയർപേഴ്സൺ

വൃജ എൻ.കെ.
മുനിസിപ്പൽ സെക്രട്ടറി


RANG






അന്നദാനവും
ഉച്ചൂലാടനും














മത്സ്യഭ




സമേതം


അന്നദാനവും
ഉച്ചൂലാടനും


KSRTC



എം.യു. ഷിനിജ
ചെയർപേഴ്സൺ



കെ.ആർ. ജൈത്രൻ
വൈസ് ചെയർമാൻ



വൃജ എൻ.കെ.
മുനിസിപ്പൽ സെക്രട്ടറി

വിസ്തീർണ്ണം : 29.24 ച.കി.മി.

ജനസംഖ്യ : 70,868

ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി



കെ.ആർ. ജൈത്രൻ
വൈസ് ചെയർമാൻ

അംഗങ്ങൾ



ലീല കരുണാകരൻ



പാർവ്വതി



കെ.എസ്. ശിവറാം



അഡ്വ. വെങ്കിടേശ്വരൻ



എം.കെ. രമാദേവി



വിനിത എ.വി.



വി.എം. ജോണി

വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി



ലത ഉണ്ണികൃഷ്ണൻ
ചെയർപേഴ്സൺ

അംഗങ്ങൾ



ചന്ദ്രൻ



ബീന ശിവദാസൻ



രതീഷ്



പരമേശ്വരൻ കുട്ടി



രഞ്ജിത



ശാലിനി വെങ്കിടേഷ്

ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി



കെ.എസ്. കൈസാബ്
ചെയർമാൻ


അംഗങ്ങൾ



അലീമ റഷീദ്



സജീവൻ ടി.എസ്.



രവീന്ദ്രൻ നടുമുറി



വത്സല



ജ്യോതിലക്ഷ്മി രവി



തങ്കമണി

ആരോഗ്യകാര്യ സ്റ്റാന്റിങ് കമ്മിറ്റി



എൽസി പോൾ
ചെയർപേഴ്സൺ

അംഗങ്ങൾ



ഗിരിജ



രശ്മി



വിനയചന്ദ്രൻ



സുമേഷ്



ഇ.ജെ. ഹിമേഷ്



റീന

പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി



ജയദേവൻ
ചെയർമാൻ

അംഗങ്ങൾ



അനിത



ദിനൽ



സുനിൽകുമാർ



സുവിന്ദ്



സ്മിത ആനന്ദൻ



റിജി ജോഷി

വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി



ഷീല പണിക്കശ്ശേരി
ചെയർപേഴ്സൺ

അംഗങ്ങൾ



ജിനിമോൾ നിധിൻ



ധന്യ ഷൈൻ



നന്ദകുമാർ



ഫ്രാൻസിസ് ബേക്കൺ കെ.



രേഖ



ഗീത ടി.കെ.


വികസന സെമിനാർ






രജത ജൂബിലി


RANG




ലോക പ്രമേഹ രോഗ ദിന


നവകേരളം












ഫ്രണ്ട് ഓഫീസ്

FOCUS

ഉള്ളടക്കം

ക്രമ.നം.	ഇനം	പേജ് നമ്പർ
1.	കൗൺസിലർമാരുടെ പേരും വിലാസവും പ്രതിനിധാനം ചെയ്യുന്ന വാർഡും	3
2.	ആമുഖ പ്രസംഗം – ചെയർപേഴ്സൺ	6
3.	ബജറ്റ് അവതരണം – വൈസ് ചെയർമാൻ	8
4.	നഗരസഭ സ്ഥിതിവിവര കണക്കുകൾ	13
5.	2023–24 ലെ പ്രതീക്ഷിക്കുന്ന പദ്ധതി വിഹിതങ്ങളുടെ മേഖലാവിഭജനം	14
6.	വികസന ഫണ്ടിന്റെ മേഖല തിരിച്ചുള്ള വകയിരുത്തലുകൾ	15
7.	അനിവാര്യ പദ്ധതികൾ	16
8.	പദ്ധതി വിഹിതങ്ങളുടെ വിഷയാടിസ്ഥാനത്തിലുള്ള വകയിരുത്തലുകൾ	17
9.	2023–24 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന വികസന പ്രവർത്തനങ്ങൾ	18
10.	നഗരസഭ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ	24
11.	ബജറ്റ് ഒറ്റ നോട്ടത്തിൽ	27
12.	2023–24 സാമ്പത്തിക വർഷത്തെ ബജറ്റ്	29

	ബജറ്റ് സ്റ്റേറ്റ്മെൻറ്
	ബജറ്റ് ഷെഡ്യൂൾ BS 1 – നികുതി വരവുകൾ
	ബജറ്റ് ഷെഡ്യൂൾ BS 2 – നികുതിയേതര വരവുകൾ
	ബജറ്റ് ഷെഡ്യൂൾ BS 3 – ജനറൽ പർപ്പസ് ഫണ്ട്
	ബജറ്റ് ഷെഡ്യൂൾ BS 4 – പദ്ധതി ചെലവുകൾക്കുവേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട് – റവന്യു വരവുകൾ
	ബജറ്റ് ഷെഡ്യൂൾ BS 5 – പദ്ധതിയിതരചെലവുകൾക്കുവേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട് – വരവുകൾ
	ബജറ്റ് ഷെഡ്യൂൾ BS 6 – വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ
	ബജറ്റ് ഷെഡ്യൂൾ BS 7 – മൂലധന ചെലവുകൾക്കുവേണ്ടിയുള്ള മറ്റു വരവുകൾ
	ബജറ്റ് ഷെഡ്യൂൾ BS 8 – അനിവാര്യ ചുമതലകൾക്കുവേണ്ടിയുള്ള വകയിരുത്തലുകൾ
	ബജറ്റ് ഷെഡ്യൂൾ BS 9 – പ്ലാൻ റവന്യു ചെലവുകൾക്കുവേണ്ടിയുള്ള വകയിരുത്തലുകൾ
	ബജറ്റ് ഷെഡ്യൂൾ BS 10 – നോൺ പ്ലാൻ റവന്യു ചെലവുകൾക്കുവേണ്ടിയുള്ള വകയിരുത്തലുകൾ
	ബജറ്റ് ഷെഡ്യൂൾ BS 11 – വായ്പാതിരിച്ചടവിന് വേണ്ടിയുള്ള വകയിരുത്തലുകൾ
	ബജറ്റ് ഷെഡ്യൂൾ BS 12 – മൂലധന ചെലവുകൾക്കുവേണ്ടിയുള്ള വകയിരുത്തലുകൾ
	ബജറ്റ് ഷെഡ്യൂൾ BS 13 – ഡെപ്പോസിറ്റ് വരവും മടക്കിനൽകലും
12	ലോൺ സ്റ്റേറ്റ്മെന്റ്
13.	എസ്റ്റാബ്ലിഷ്മെന്റ് ഷെഡ്യൂൾ

കൊടുങ്ങല്ലൂർ നഗരസഭ

ജനസംഖ്യ - 70868 ആകെ വാർഡുകൾ - 44 വിസ്തീർണ്ണം - 29.24 ച.കി.മീ.

കൌൺസിലർമാരുടെ പേരും വിലാസവും പ്രതിനിധാനം ചെയ്യുന്ന മുനിസിപ്പൽ വാർഡും

ക്രമ നമ്പർ	പേരും മേൽവിലാസവും	പ്രതിനിധാനം ചെയ്യുന്ന വാർഡ്	ഫോൺ നമ്പർ
1	റീന അനിൽ ചുള്ളിപ്പറമ്പിൽ വീട്, കൊടുങ്ങല്ലൂർ പി.ഒ. 680 664	1	7909197537
2	രശ്മി ബാബു തോട്ടാശ്ശേരി വീട്, ചാത്തേടത്ത് പറമ്പ് ലോകമലേശ്വരം.680664	2	9645399423
3	ചന്ദ്രൻ കളരിക്കൽ കളരിക്കൽ വീട്, ലോകമലേശ്വരം നോർത്ത് കൊടുങ്ങല്ലൂർ പി.ഒ.680664	3	9895246803
4	സുമേഷ് ചിറ്റാപ്പറത്ത് വീട്, കരിച്ചാംകുളം ലോകമലേശ്വരം, കൊടുങ്ങല്ലൂർ പി.ഒ.680664	4	8921635826
5	കെ.ആർ.ജൈത്രൻ കമ്പളപറമ്പിൽ വീട്, തെക്കേ നട, കൊടുങ്ങല്ലൂർ	5	9446056090
6	രഞ്ജിത രാജീവ് കളത്തേരി വീട്, കാവിൽക്കടവ്, കൊടുങ്ങല്ലൂർ	6	8547997660
7	ഗീത.ടി.കെ പുതുവീട്ടിൽ വീട്, വയലാർ, കൊടുങ്ങല്ലൂർ പി.ഒ.680664	7	9744699204
8	നന്ദകുമാർ.സി ചേന്നാട്ട് വീട്, പുല്ലൂറ്റ് പി.ഒ	8	9895131064
9	അനിതാബാബു പീടികപ്പറമ്പിൽ വീട്, പുല്ലൂറ്റ് പി.ഒ	9	8129644460
10	രതീഷ് വട്ടപ്പറമ്പിൽ വീട്, പുല്ലൂറ്റ് നോർത്ത് പി.ഒ	10	8289961987
11	വിനീത ടിങ്കു കണക്കത്തറ വീട്, നാരായണമംഗലം	11	8086418617
12	ഗിരിജ ശിവൻ ചാലിക്കാരൻ വീട്, നായ്ക്കളം പുല്ലൂറ്റ് പി.ഒ	12	9495851216
13	വിനയചന്ദ്രൻ പുഞ്ചപ്പറമ്പിൽ വീട്, നായ്ക്കളം പുല്ലൂറ്റ്.പി.ഒ	13	7902353567
14	ഷിനിജ എം.യു. മുട്ടത്താൻ വീട് ,പുല്ലൂറ്റ് പി.ഒ ., കൊടുങ്ങല്ലൂർ	14	9946424152

15	തങ്കമണി രാധാകൃഷ്ണൻ ഓളിപ്പറമ്പിൽ വീട്, പുല്ലൂറ്റ്.പി.ഒ	15	9544952481
16	ജയദേവൻ.ഒ.എൻ ഓളിപ്പറമ്പിൽ വീട്, ചാപ്പാറ പുല്ലൂറ്റ്	16	9847450802
17	രേഖ സൽപ്രകാശ് കാര്യേഴത്ത് വീട്, ലോകമലേശ്വരം കൊടുങ്ങല്ലൂർ പി.ഒ.680664	17	9495104508
18	സുവിന്ദ്.സി.എസ് ചാത്തൻകുളത്ത് വീട്, ശൃംഗപുരം ഈസ്റ്റ് കൊടുങ്ങല്ലൂർ പി.ഒ.680664	18	9744730657
19	പാർവ്വതി സുകുമാരൻ ആനാമ്പലത്ത് വീട്, എൽത്തുരുത്ത്. കൊടുങ്ങല്ലൂർ പി.ഒ.680664	19	9745623311
20	കെ.എ.വൽസല ടീച്ചർ കുവ്വക്കാട്ടിൽ വീട്, എൽത്തുരുത്ത്. കൊടുങ്ങല്ലൂർ പി.ഒ.680664	20	8606550863
21	സുനിൽകുമാർ കല്ലുപറമ്പിൽ വീട്, ആനാപ്പുഴ പി.ഒ കൊടുങ്ങല്ലൂർ.680667	21	9388845066
22	അഡ്വ.വി.എസ്.ദിനൽ വാക്കേക്കാട്ടിൽ വീട്, ആനാപ്പുഴ പി.ഒ കൊടുങ്ങല്ലൂർ.680667	22	9495512854
23	ഫ്രാൻസീസ് ബേക്കൺ.കെ കുളിയത്ത് വീട്, കോട്ട കൊടുങ്ങല്ലൂർ	23	8547411892
24	എൽസി പോൾ കാരക്കുന്നത്ത് വീട്, കോട്ടപ്പുറം, കൊടുങ്ങല്ലൂർ	24	8714293750
25	വി.എം.ജോണി വാഴക്കൂട്ടത്തിൽ വീട്, കോട്ടപ്പുറം കൊടുങ്ങല്ലൂർ	25	9846173305
26	ബീന ശിവദാസൻ തൈക്കൂട്ടത്തിൽ വീട്, വി.പി.തുരുത്ത് കൊടുങ്ങല്ലൂർ	26	8943517224
27	കെ.എസ്.ശിവറാം കോതായിൽ വീട്, ചാലക്കുളം കൊടുങ്ങല്ലൂർ	27	9846002367
28	രവീന്ദ്രൻ നടുമുറി നടുമുറി വീട് ശാസ്താംപറമ്പ്, കണ്ടംകുളം കൊടുങ്ങല്ലൂർ	28	9400807672
29	റിജി ജോഷി ചെമ്മുണ്ടപ്പറമ്പിൽ വീട്, കണ്ടംകുളം.പി.ഒ മേത്തല കൊടുങ്ങല്ലൂർ	29	9539022698
30	ഷീല പണിക്കശ്ശേരി പണിക്കശ്ശേരി വീട്, കണ്ടംകുളം പി.ഒ മേത്തല, കൊടുങ്ങല്ലൂർ	30	7591999702

31	ഇ.ജെ.ഹിമേഷ് ഈശ്വരമംഗലത്ത് വീട്, പി.ഒ മേത്തല കൊടുങ്ങല്ലൂർ	31	9526467319
32	ജിനിമോൾ നിധിൻ കൊല്ലാട്ട് (കറുപ്പംപുരക്കൽ) വീട്, അഞ്ചപ്പാലം പി.ഒ മേത്തല	32	9746765247
33	ലീല കരുണാകരൻ ശ്രീമാടൻ വീട്, പി.ഒ.കണ്ടംകുളം മേത്തല	33	7559066285
34	അലീമ റഷീദ് കൊള്ളിക്കത്തറ വീട്, അരാകുളം വെസ്റ്റ് പി.ഒ.കൊടുങ്ങല്ലൂർ.680664	34	9544973574
35	കെ.എസ്.കൈസാബ് കോട്ടയത്ത് വീട് അരാകുളം, കൊടുങ്ങല്ലൂർ	35	9349854873
36	സ്മിത ആനന്ദൻ ചള്ളിയിൽ വീട്, മേത്തല കൊടുങ്ങല്ലൂർ	36	8943262677
37	ജ്യോതിലക്ഷ്മി രവി വലിയപറമ്പിൽ വീട്, മേത്തല കൊടുങ്ങല്ലൂർ	37	9747592020
38	എം.കെ.രമാദേവി തയ്യിൽ വീട്, കൊടുങ്ങല്ലൂർ	38	9846124882
39	ലത ഉണ്ണികൃഷ്ണൻ. മനയത്ത് വീട്, എരിശ്ശേരിപ്പാലം, പി.ഒ.മേത്തല.	39	9895684024
40	ടി. എസ്. സജീവൻ തയ്യിൽ വീട്, കൊടുങ്ങല്ലൂർ	40	8086219739
41	അഡ്വ.വെങ്കിടേശ്വരൻ ദേവസ്വംമഠത്തിൽ, മുനിസിപ്പൽ ലൈബ്രറിക്ക് സമീപം കൊടുങ്ങല്ലൂർ.680664	41	9447673798
42	പരമേശ്വരൻകുട്ടി (ഉദയൻ) തെക്കേടത്ത് പറമ്പിൽ വീട് ലോകമലേശ്വരം, കൊടുങ്ങല്ലൂർ പി.ഒ.680664	42	9497672100
43	ധന്യ ഷൈൻ തൈപ്പറമ്പത്ത് വീട്, ഗുരുദേവ നഗർ, കൊടുങ്ങല്ലൂർ	43	9846790041
44	ശാലിനി വെങ്കിടേഷ് പാച്ചേരി വീട്, തണ്ടാംകുളം ലോകമലേശ്വരം കൊടുങ്ങല്ലൂർ പി.ഒ.680664	44	9387973702

കൊടുങ്ങല്ലൂർ നഗരസഭ

ചെയർപേഴ്സന്റെ ആമുഖ പ്രസംഗം

(1994 -ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 287-ാം വകുപ്പ് പ്രകാരം)

പ്രിയപ്പെട്ട സഹപ്രവർത്തകരെ, സെക്രട്ടറി, മുനിസ്സിപ്പൽ എഞ്ചിനിയർ, ജീവനക്കാരെ, പത്രപ്രവർത്തകരെ, സുഹൃത്തുക്കളെ ...

ഈ കൌൺസിലിന്റെ മൂന്നാമത് ബജറ്റ് വൈസ് ചെയർമാൻ അവതരിപ്പിക്കും. അതിനു മുന്നോടിയായി ഈ ആമുഖ പ്രസംഗം നടത്തുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്.

വളർച്ചയുടെയും അഭിവൃദ്ധിയുടെയും പാതയിലേയ്ക്ക് കേരളം തിരിച്ചുവന്നിരിക്കുന്നു എന്ന ശുഭാപ്തി വിശ്വാസത്തോടെയാണ് സംസ്ഥാന ധനമന്ത്രി ശ്രീ. കെ.എൻ. ബാലഗോപാൽ ഈ വർഷത്തെ ബജറ്റ് അവതരിപ്പിച്ചത്. 2021-22 ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം 12% കണ്ട് വളർന്നു. ദേശീയ നിരക്ക് ഈ കാലയളവിൽ 7 % മാത്രമായിരുന്നു. എന്നാൽ ഒരു സംഘം വിമർശകർ കേരളത്തെ ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്ത നാടായി ചിത്രീകരിച്ചുകൊണ്ട് നമ്മുടെ യുവതലമുറയുടെ സ്വപ്നങ്ങളെ തളർത്തുകയാണ്. അതിവേഗ വികസനം നടക്കുന്ന യഥാർത്ഥ കേരളത്തെ അവർ മറച്ചുവക്കുന്നു. 2022-23 വർഷത്തെ ആഭ്യന്തര ഉൽപ്പാദനം 9.99 ലക്ഷം കോടി രൂപയെന്ന മതിപ്പു ലക്ഷ്യത്തെ മറികടന്ന് 10.18 ലക്ഷം കോടിയാകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതൊരു കുതിച്ചുചാട്ടമാണ്.

2023-24 വർഷത്തെ സംസ്ഥാന ബജറ്റ് ഒരു പുതിയ കേരളത്തിന്റെ അടിത്തറ നിർമ്മിക്കുന്നു. ഉയർന്ന ജീവിത നിലവാരം നേടിയെടുക്കുന്നതും ആധുനിക സൌകര്യങ്ങളുള്ളതുമായ ഒരു നവ കേരളത്തിലേയ്ക്കുള്ള പ്രയാണമാണത്. വർത്തമാനകാല കേരളം പല പുതിയ പ്രശ്നങ്ങളെയും നേരിടുന്നുണ്ട്. നമ്മുടെ ജനസംഖ്യയുടെ 16.5 ശതമാനം പേർ 60 വയസ്സുകഴിഞ്ഞവരാണ്. പത്തുവർഷത്തിനകം അത് 20 ശതമാനം കവിയും. ഇതിനു സമാന്തരമായി ജനന നിരക്ക് കുത്തനെ കുറയുന്നു. മാത്രമല്ല, ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ വിദേശത്തേയ്ക്ക് പോകുകയും അവിടെ പഠിച്ച് ജോലി നേടി അവിടെ സ്ഥിരതാമസമാക്കുകയും ചെയ്യുന്നു. അങ്ങനെ വയോജനങ്ങളുടെ ഒരു സമൂഹമായി, ഒരു വലിയ വൃദ്ധസദനമായി കേരളം മാറിക്കൊണ്ടിരിക്കുന്നു. വയോജനക്ഷേമ പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായി മാറുകയാണ്. പ്രത്യേകിച്ചും തൊഴിലവസരങ്ങളുടെ ദൌർലഭ്യമാണ് യുവസമൂഹത്തിന്റെ ഒഴിഞ്ഞുപോക്കിന് കാരണമാകുന്നത്. അതിനാൽ, 20 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള യത്നത്തിലാണ് സർക്കാർ. "ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം തൊഴിൽ സംരംഭങ്ങൾ" എന്ന വ്യവസായ വകുപ്പിന്റെ പ്രഖ്യാപനം യഥാർത്ഥ്യമാക്കാനായത് വലിയ തുടക്കമായി കാണണം. 2,64,463 തൊഴിലവസരങ്ങളാണ് പുതുതായി സൃഷ്ടിക്കപ്പെട്ടത്. ഓരോ വർഷവും ജനസംഖ്യയിലെ 1000 പേർക്ക് 5 തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിച്ചുകൊണ്ട് നഗരസഭയ്ക്കും ഈ പ്രവർത്തനത്തിന്റെ ഭാഗമാകേണ്ടതുണ്ട്.

തെരുവോരങ്ങളും വെളിമ്പറമ്പുകളും ജലസ്രോതസ്സുകളും മാലിന്യങ്ങൾ നിറഞ്ഞു ദുർഗന്ധം പരത്തുന്ന അവസ്ഥ നിർമ്മാർജ്ജനം ചെയ്യാൻ നാം നടത്തിയ പ്രവർത്തനങ്ങൾ ഇനിയും പൂർണ്ണ വിജയത്തിലെത്തിയിട്ടില്ല എന്നത് വേദനയോടെ ഓർക്കുകയാണ്. കേരളീയരുടെ വ്യക്തി ശുചിത്വം വിഖ്യാതമാണ്. എന്നാൽ സാമൂഹിക ശുചിത്വത്തിന്റെ കാര്യത്തിൽ അമ്പേ പരാജയമാണ്. ഓരോരുത്തരും ഉൽപ്പാദിപ്പിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കേണ്ട ബാദ്ധ്യത അവരവർക്കുതന്നെയാണെന്ന് കേരളീയ

സമൂഹം ഇനിയും ആഴത്തിൽ മനസ്സിലാക്കിയിട്ടില്ല. സംസ്കരിക്കാതെ ഏതിടത്തേയ്ക്കും വലിച്ചെറിയുന്ന മാലിന്യം അഴുകി ദുർഗന്ധം പരത്തുന്നതോടൊപ്പം ഈച്ച, കൊതുക്, എലി, തെരുവ് നായ്ക്കൾ എന്നിവ പെരുകുന്നതിനുള്ള അന്തരീക്ഷമൊരുക്കുകയും ചെയ്യുന്നു. ഡെങ്കിപ്പനിയും എലിപ്പനിയും ചിക്കൻ ഗുനിയയും പടർന്നുപിടക്കുന്നു. ചീഞ്ഞഴുകുന്ന മാലിന്യത്തിൽ നിന്നുണ്ടാകുന്ന മിഥേൻ വാതകം ആഗോളതാപനത്തിനും കാരണമാകുന്നു. കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി ഇറങ്ങിത്തിരിച്ചവരുടെ പരാജയത്തിന്റെ പ്രതീകമായി ബ്രഹ്മപുരം ഉയർന്നുനിൽക്കുന്നു. ഈ സാഹചര്യത്തിലാണ്, കഴിഞ്ഞ നാലഞ്ചു വർഷങ്ങളായി നാം നടത്തുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പ്രസക്തവും ശാസ്ത്രീയവുമാകുന്നത്.

നഗരസഭാ പ്രദേശത്തെ 80 ശതമാനത്തോളം വീടുകളിൽ ഏതെങ്കിലും തരത്തിലുള്ള ഉറവിട മാലിന്യ സംസ്കരണ ഉപകരണങ്ങൾ എത്തിക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 8064 ബയോ ഡൈജസ്റ്റർ പോട്ടുകൾ, 4765 പൈപ്പ് കമ്പോസ്റ്റുകൾ, 1252 ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ വിതരണം ചെയ്തിരിക്കുന്നു. 4000 പൈപ്പ് കമ്പോസ്റ്റുകൾ ഈ വർഷം വിതരണം ചെയ്യുന്നതോടെ മുഴുവൻ വീടുകളിലും മാലിന്യ സംസ്കരണ ഉപകരണങ്ങൾ എത്തിച്ചേരും. ഇവ മുഴുവൻ പ്രവർത്തനക്ഷമമായി നിലനിർത്താൻ കഴിഞ്ഞാൽ, അത് ശുചിത്വ നഗരമെന്ന ലക്ഷ്യത്തിന് സഹായകമാകും. ടി. കെ.എസ്. പുരത്തെ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റും എയറോബിക് യൂണിറ്റുകളും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ശ്രീകൃഷ്ണപുരം ഭഗവതിക്ഷേത്രത്തിൽ 40 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച ടോയ് ലറ്റ് സമുച്ചയവും ശുചിത്വ പ്രവർത്തനത്തിന് മുതൽക്കൂട്ടായി മാറും. ഒരുയർന്ന ശുചിത്വ സംസ്കാരത്തിലേയ്ക്ക് കൊടുങ്ങല്ലൂർ പൌരാവലിയെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നമ്മൾ അനവരതം തുടരേണ്ടതുണ്ട്. നല്ല വായുവും, നല്ല ജലവും നല്ല പരിസരവും ലഭ്യമായ സമ്പൂർണ്ണ ശുചിത്വ നഗരം എന്ന ലക്ഷ്യം ഈ വർഷം തന്നെ നേടിയെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാന സർക്കാർ വികസനഫണ്ടായി വിവിധ ഇനങ്ങളിലായി ഈ വർഷം അനുവദിച്ചിട്ടുള്ളത് 210575000/- രൂപയാണ്. 14-ാം പഞ്ചവത്സര പദ്ധതിയുടെ 2-ാം വർഷമാണ് ഈ ബജറ്റ് കാലയളവിൽ വരുന്നത്. തൊഴിലവരങ്ങളുടെ സൃഷ്ടിയാണ് വികസനത്തിന്റെ അടിസ്ഥാനമെന്ന കാഴ്ചപ്പാടാണ് 14-ാം പദ്ധതി മുന്നോട്ടുവെയ്ക്കുന്നത്. പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പാക്കാൻ ആവശ്യമായ ഇടപെടലുകൾക്കും ഉൽപ്പാദന മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾക്കും ഇതിന്റെ ഭാഗമായി രൂപം നൽകേണ്ടതുണ്ട്. ഫലപ്രദമായ മാലിന്യ സംസ്കരണം, പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വികസനം, നിർജ്ജീവ ആസ്തികളുടെ പുനരുജ്ജീവനം, അതിദാരിദ്ര്യം ഇല്ലാതാക്കാനുള്ള മൈക്രോ പ്ലാനുകൾ, കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കുന്നതിനുള്ള പരിപാടികൾ എന്നിവ 2023-24 വർഷം പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്.

കൃഷി, മത്സ്യം, മൃഗസംരക്ഷണം, ചെറുകിട വ്യവസായം, കുടിവെള്ളം, പാർപ്പിടം, വനിതാവികസനം, പട്ടികജാതി വികസനം, റോഡുകളുടെയും കാനകളുടെയും നിർമ്മാണം, കുട്ടികൾ - വയോജനങ്ങൾ - ഭിന്നശേഷി വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസ കാലാകായികം, സംസ്കാരം, നഗരവികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, ദുരന്തനിവാരണം തുടങ്ങീ എല്ലാ മേഖലകളിലും ഈ വർഷവും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇങ്ങനെ നഗരത്തിന്റെ അതിദ്രുതവും സമഗ്രവുമായ വികസനത്തിന് വഴി വെയ്ക്കുന്ന ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ മുഴുവൻ കൌൺസിലർമാരും ഭാഗഭാക്കാകണമെന്നും അതിന്റെ സാമ്പത്തിക രേഖയായ 2023-24ബജറ്റിനെ അകമഴിഞ്ഞു പിന്തുണയ്ക്കണമെന്നും അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,

ചെയർപേഴ്സൺ

ബഹുമാന്യയായ മുനിസിപ്പൽ ചെയർപേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, കൌൺസിലർമാർ, മുനിസിപ്പൽ സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ, മുനിസിപ്പൽ ജീവനക്കാർ, വിവിധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ, ബഹുമാന്യ സുഹൃത്തുക്കളെ..

മഹാമാരിയുടെ നിഴലിൽ നിന്നും വളർച്ചയുടെയും അഭിവൃദ്ധിയുടെയും പാതയിലേയ്ക്ക് തിരിച്ചുവന്നരിക്കുന്ന നാടിന്റെ സ്പന്ദനങ്ങൾക്ക് കാതോർത്തുകൊണ്ട്, തികഞ്ഞ ആത്മവിശ്വാസത്തോടെ 2023-24 വർഷത്തെ ബജറ്റ് ഞാൻ അവതരിപ്പിക്കുകയാണ്.

നോട്ടുനിരോധനം, അശാസ്ത്രീയ ജി.എസ്.ടി നടപ്പിലാക്കൽ, ഓഖി ദുരന്തം, പ്രളയങ്ങൾ, മഹാവ്യാധികൾ, സാമ്പത്തിക തകർച്ച, വിലക്കയറ്റം തുടങ്ങീ ഒന്നിനുപിറകെ മറ്റൊന്ന് എന്നമട്ടിൽ 2016 മുതൽ വന്ന വെല്ലുവിളികളെ ധീരമായി അഭിമുഖീകരിക്കാനും അതിജീവിക്കാനും നമുക്ക് കഴിഞ്ഞു. 2021-22 ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം സ്ഥിരവിലയിൽ 12 ശതമാനം കണ്ട് വളർന്നു. ഉൽപ്പാദന മേഖലയെ ഉൾച്ചേർത്തുകൊണ്ടുള്ള സാമ്പത്തിക വളർച്ച നേടാനായി എന്നതാണ് ഈ കാലയളവിലെ സവിശേഷത. കാർഷിക അനുബന്ധമേഖലയിൽ 6.7 ശതമാനവും വ്യവസായിക അനുബന്ധമേഖലയിൽ 17.3 ശതമാനവും വളർച്ചാനിരക്ക് കൈവരിച്ചു. സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തി ഉൽപ്പാദനവും അതുവഴി വരുമാനവും വർദ്ധിപ്പിക്കുക എന്ന ഇടതുസർക്കാരിന്റെ നയം വിജയം നേടുന്നതാണ് കണ്ടത്.

കേരള വികസന അനുഭവം ലോകം ശ്രദ്ധയോടെ വീക്ഷിക്കുന്ന ഒരു മാതൃകയാണ്. ജീവിതനിലവാരത്തിലും മാനവ വികസനസൂചികകളിലും വികസിത രാജ്യങ്ങളോടൊപ്പമാണ് കേരളത്തിന്റെ സ്ഥാനം. സുസ്ഥിരവും സമഗ്രവുമായ ഒരു വികസന രീതി പതിറ്റാണ്ടുകളായി കേരളത്തിലുണ്ട്. രാജ്യത്തിന്റെ ആളോഹരി വരുമാനത്തിന്റെ ഒന്നരമടങ്ങിലധികമാണ് ഇപ്പോൾ കേരളത്തിന്റെ ആളോഹരി വരുമാനം. ജനങ്ങളുടെ ജീവിത നിലവാരം കൂടുതൽ മെച്ചപ്പെടുത്താനും സുസ്ഥിരവും ആധുനികവുമായ ഒരു നവകേരളം സൃഷ്ടിക്കാനുമുള്ള പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ സംസ്ഥാന സർക്കാർ നേതൃത്വം നൽകുന്നത്.

കേരള മാതൃകയുടെ നിർമ്മിതിയിൽ ഓരോ കേരളീയനും പങ്കുണ്ട്. ആ പങ്ക് സാദ്ധ്യമാക്കിയത് ഇരുപത്തഞ്ചുവർഷങ്ങൾക്കപ്പുറം തുടക്കം കുറിച്ച ജനകീയാസൂത്രണ പ്രസ്ഥാനമാണ്. വികസനത്തെ താഴെത്തട്ടിലേയ്ക്ക് കൊണ്ടുവന്ന ഈ കേരള മാതൃക അന്തർദേശീയതലത്തിൽ വരെ പഠനവിഷയമാണ്. അഞ്ചുസർക്കാരുകളെയും അഞ്ചുപഞ്ചവത്സരപദ്ധതികളെയും അതിജീവിച്ചുകൊണ്ട്, അത് പതിനാലാം പഞ്ചവത്സരപദ്ധതിയുടെ രണ്ടാം വർഷത്തിലെത്തിനിൽക്കുന്നു. നാടുകൂട്ടായ്മകളിൽ നിന്നും മുകളിലേയ്ക്ക് കെട്ടിപ്പടുത്ത ഈ വികസന മാതൃക പരമ്പരാഗത വികസന തത്വങ്ങളെ തകിടം മറിച്ചു. വെള്ളവും വീടും റോഡും ഉപജീവന സഹായങ്ങളും ഗുണഭോക്താക്കൾ വാർഡുസഭകളിൽ തീരുമാനിച്ചു. നാടിന്റെ വികസനാസൂത്രണത്തിൽ എല്ലാ പൌരന്മാരും പങ്കുവഹിക്കുകയായിരുന്നു. ഭൂപരിഷ്കരണം കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവും ആഴത്തിൽ ചർച്ച ചെയ്യപ്പെട്ട ജനകീയമുന്നേറ്റമാണ് ജനകീയാസൂത്രണം

ഇത് പതിനാലാം പഞ്ചവത്സരപദ്ധതിയുടെ രണ്ടാം വർഷമാണ്. സുസ്ഥിര വികസനമാണ് പതിനാലാം പദ്ധതിയുടെ ലക്ഷ്യം. സാമൂഹിക വികസന രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിന് സുസ്ഥിരമായ സാമ്പത്തിക വളർച്ച ഉണ്ടാകേണ്ടതുണ്ട്. ആധുനിക വൈജ്ഞാനിക മേഖലകളുടെ പിൻബലത്തോടെ ഉൽപ്പാദന വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. വൈജ്ഞാനിക സമൂഹം, മാനവ വികസനം, സുസ്ഥിര വികസനം എന്നതാണ് പതിനാലാം പദ്ധതിയുടെ ആശയ അടിത്തറ.

ഉൽപ്പാദന മേഖലയിൽ ഉൾപ്പെടുന്ന കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം, വ്യവസായം എന്നീ വിഭാഗങ്ങളിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും

ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ വർദ്ധിപ്പിക്കുകയും നവീനമായ ആശയങ്ങളുടെ അടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾ ആവിഷ്കരിക്കുകയും ചെയ്യണമെന്ന കാഴ്ചപ്പാടാണ് പതിനാലാം പദ്ധതി മുന്നോട്ട് വയ്ക്കുന്നതെങ്കിലും ഈ ദിശയിൽ വികസന പ്രക്രിയ ചിട്ടപ്പെടുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. അതിനുള്ള ശ്രമങ്ങൾ അടുത്ത വർഷം ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. എല്ലാ വികസന മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ അതുവഴി ഇനിയും നമുക്ക് കഴിയേണ്ടതുണ്ട്. പച്ചക്കറി, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടാനും പാൽ ഉൽപ്പാദനത്തിൽ മിച്ചോല്പാദനം കൈവരിക്കാനും കഴിയണം. ഉൾനാടൻ മത്സ്യോല്പാദനവും വർദ്ധിപ്പിക്കേണ്ടതുണ്ട്. നോർവെയിൽ നിന്നുള്ള, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സാങ്കേതികവിദ്യയുടെ പിന്തുണയോടെ കൂടുകൃഷി കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ നമ്മുടെ പ്രദേശത്തെ സാധ്യതയും പരിശോധിക്കപ്പെടണം. ഉൽപ്പാദന മേഖലയിലെ പ്രവർത്തനങ്ങൾക്കായി 42,50,080/- രൂപ വകയിരുത്തുന്നു.

കൊടുങ്ങല്ലൂർ നഗരസഭയിലെ ഇപ്പോഴത്തെ ഏറ്റവും വലിയ വികസനപ്രതിസന്ധി കുടിവെള്ളക്ഷാമമാണ്. കനോലികനാൽ, കാഞ്ഞിരപ്പുഴ എന്നീ ജലസ്രോതസ്സുകളുടെ തീരപ്രദേശമായതിനാൽ കിണറുകളിലും കുളങ്ങളിലും ലവണ രസമുള്ള ജലമാണ് മൂന്നിൽ രണ്ടുഭാഗം വാർഡുകളിലുമുള്ളത്. കുടിവെള്ളത്തിന് വാട്ടർ അതോറിറ്റിയുടെ ജലമാണ് ആശ്രയം. പൈപ്പ് വെള്ളം ആഴ്ചയിൽ ഒരു ദിവസമൊക്കെ ലഭിക്കുന്ന അവസ്ഥയാണ്. കൂടുതൽ കുടുംബങ്ങൾക്ക് പൈപ്പ് കണക്ഷൻ ലഭ്യമാക്കുന്നതിനൊപ്പം നാരായണമംഗലത്ത് ഒരു അധിക ജലസംഭരണ ടാങ്ക് കൂടി നിർമ്മിക്കേണ്ടതായുണ്ട്. സംസ്ഥാന ബജറ്റിൽ കാണിച്ചിട്ടുള്ള തുക അതിനുപയോഗിക്കാൻ കഴിയുമോ എന്ന് ബന്ധപ്പെട്ടവരുമായി ആലോചിക്കേണ്ടതുണ്ട്. ഈ വികസന പ്രശ്നത്തിന് വരും വർഷങ്ങളിലും മുൻഗണന ഉറപ്പാക്കണം. വിവിധ വാർഡുകളിൽ പൈപ്പലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്കായി 22 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. 4000 വീടുകൾക്ക് പുതിയ കുടിവെള്ള കണക്ഷൻ നൽകുന്നതിനായി 14 കോടി 18 ലക്ഷം രൂപ വകയിരുത്തുന്നു. നഗരത്തിലെ പ്രധാന ജലസ്രോതസ്സായ പടാകുളം, കുടിവെള്ള പദ്ധതിയ്ക്കായി നബാർഡിന്റെ സഹായത്തോടെ നവീകരിക്കുന്നതിന് 3 കോടി രൂപയുടെ പദ്ധതിയ്ക്ക് രൂപം നൽകുന്നു. ജലവിതരണ പൈപ്പുകൾ റിപ്പയർ ചെയ്യുന്നതിനും നവീകരിക്കുന്നതിനും 4 കോടി രൂപയുടെ പദ്ധതി ആവിഷ്കരിക്കുന്നു. പുല്ലൂറ്റ് വില്ലേജിൽ പ്രാദേശിക കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 54 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് രൂപം നൽകുന്നു. എല്ലാവർക്കും എപ്പോഴും കുടിവെള്ളം എന്ന ലക്ഷ്യം അടുത്ത രണ്ടുവർഷത്തിനുള്ളിൽ നേടിയെടുക്കാൻ കഴിയണം.

പാർപ്പിട ക്ഷാമം അനുഭവിക്കുന്ന കുടുംബങ്ങളുടെ എണ്ണം നഗരസഭാപ്രദേശത്ത് താരതമ്യേന ഉയർന്നതായിരുന്നു. കഴിഞ്ഞ ഒരു ദശകത്തിലേറെക്കാലം നീണ്ടുനിന്ന, ജനകീയാസൂത്രണപദ്ധതിയിലെ ഇടപെടലുകളിലൂടെ അതിന് വലിയൊരളവോളം പരിഹാരം കണ്ടെത്താൻ കഴിഞ്ഞു. പി.എം.എ.വൈ - ലൈഫ് പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടതോടെ പാർപ്പിടക്ഷാമം പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് കൃത്യമായ ആക്ഷൻപ്ലാൻ ലഭ്യമാകുന്ന അവസ്ഥയുണ്ടായി. ടി പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭ നാളിതുവരെ അനുവദിച്ച 1341 വീടുകളിൽ 1187 വീടുകളുടെ പണികൾ പൂർത്തീകരിച്ചു. 154 വീടുകളുടെ നിർമ്മാണം നടന്നുവരുന്നു. 2023-24 വർഷത്തിൽ 439 വീടുകൾക്കായി വിവിധ സ്രോതസ്സുകളിൽ നിന്നായി 17 കോടി 56 ലക്ഷം രൂപ വകയിരുത്തുന്നു. എല്ലാവർക്കും സുരക്ഷിതമായ പാർപ്പിടം എന്ന ലക്ഷ്യം അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ കൈവരിക്കാനാകുമെന്ന് കരുതുന്നു.

ചിട്ടയായ ആസൂത്രണത്തോടുകൂടിയാണ് കഴിഞ്ഞ നാലുവർഷങ്ങളായി മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് . കൊടുങ്ങല്ലൂർ നഗരസഭയ്ക്ക് ശുചിത്വ പദവി പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണപ്രവർത്തനങ്ങളുടെ ഭാഗമായി, നഗരസഭാപ്രദേശത്തെ 80 ശതമാനത്തോളം വീടുകളിൽ ഏതെങ്കിലും തരത്തിലുള്ള മാലിന്യ സംസ്കരണ ഉപകരണങ്ങൾ ഇതിനകം

വിതരണം ചെയ്തിട്ടുണ്ട്. അവയിൽ ഭൂരിപക്ഷവും നല്ലരീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. നടപ്പുവർഷം 4000 പൈപ്പ് കമ്പോസ്റ്റുകൾ കൂടി വിതരണം ചെയ്യുന്നതാണ്. അതോടൊപ്പം മുഴുവൻ കുടുംബങ്ങളിൽ മാലിന്യ സംസ്കരണ ഉപാധികൾ എത്തിച്ചേരും. പൊതുമാലിന്യ സംസ്കരണ രംഗത്ത്, നിരവധി പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നു. ടി.കെ.എസ്. പുരം പ്ലാന്റ്, തുമ്പൂർമുഴി മോഡൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവയെല്ലാം അതിന്റെ ഭാഗമാണ്. നാരായണമംഗലത്തെ ആർ.ആർ.എഫ് സെന്റർ, 5 MCF കൾ, 22 മിനി MCF കൾ എന്നിവയും പ്രവർത്തനസജ്ജമാകുകയാണ്. 40 ലക്ഷം ചെലവിൽ ശ്രീകുരുംബഭഗവതി ക്ഷേത്ര കോമ്പൌണ്ടിൽ നിർമ്മിച്ച ടോയ് ലറ്റ് സമുച്ചയം ഉപയോഗത്തിനായി തുറന്നുകൊടുത്തിരിക്കുന്നു. അജൈവമാലിന്യ ശേഖരണത്തിലും സംസ്കരണത്തിലും 65 അംഗ ഹരിതകർമ്മസേന സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു. ഇതൊക്കെയാണെങ്കിലും, സമൂഹത്തിൽ നിലനിൽക്കുന്ന വലിച്ചെറിയൽ സ്വഭാവം ശുചിത്വപൂർണ്ണമായ നഗരസഭയെന്ന ലക്ഷ്യത്തിന് ഇപ്പോഴും വെല്ലുവിളി ഉയർത്തുന്നു. സംഘടിതവും ശാസ്ത്രീയവുമായ ബോധവത്ക്കരണപ്രവർത്തനങ്ങളും കർശനമായ ശിക്ഷാനടപടികളും ആവശ്യമായേക്കുമെന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ശുചിത്വ പ്രവർത്തനങ്ങൾക്കായി വിവിധ സ്രോതസ്സുകളിൽ നിന്നായി 6,68,00,000/- രൂപ വകയിരുത്തുന്നു.

പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹിക - സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കണിശമായ ഇടപെടലുകളാണ് ജനകീയാസൂത്രണത്തിന്റെ തുടക്കം മുതൽ നടത്തിക്കൊണ്ടിരിക്കുന്നത്. സാമ്പത്തിക വിഭവങ്ങളുടെ ലഭ്യതയിലും പരിമിതികൾ കുറവായിരുന്നു. എന്നിട്ടും ഈ മേഖലയിൽ ആവിഷ്കരിച്ചനടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിൽ വിജയിച്ചിട്ടില്ല എന്നാണ് വിലയിരുത്തൽ. പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പെൺകുട്ടികൾക്ക് വിവാഹ ധനസഹായം, ഭവന പുനരുദ്ധാരണ പരിപാടി, വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിന് സഹായം, പട്ടികജാതി കോളനി നവീകരണം, തൊഴിലുപകരണങ്ങൾ ലഭ്യമാക്കൽ തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പുവർഷത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. അവയുടെ തുടർച്ചയായി 2023-24 വർഷത്തിലും പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു. പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായി 2,07,19,000/- രൂപ വകയിരുത്തുന്നു.

സാമൂഹികവും സാമ്പത്തികവും ലിംഗപരവുമായ വിവേചനത്തിന്റെ ഇരകളാണ് ഇന്നും സ്ത്രീകൾ. നവലിബറൽ നയങ്ങൾ അവരുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുകയാണ് ചെയ്തത്. വ്യത്യസ്ത തലങ്ങളിൽ സ്ത്രീകളനുഭവിക്കുന്ന പീഡനങ്ങൾക്കെതിരെ സ്വന്തം കാലിൽ നിൽക്കാൻ അവരെ പ്രാപ്തരാക്കുന്ന മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജനകീയാസൂത്രണത്തിന്റെ തുടക്കം മുതൽ വനിതാഘടക പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ അത് യാന്ത്രികമായി നടപ്പിലാക്കുന്ന രീതിയാണ് എവിടെയും നിലനിൽക്കുന്നത്. വനിതകളുടെ രംഗത്ത് ഏറ്റെടുക്കേണ്ട പ്രവർത്തനം തൊഴിലവസര സൃഷ്ടിയാണ്. സ്ത്രീകളുടെ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 19.1 ശതമാനമാണ്. എത്ര ശ്രമിച്ചാലും ജോലി കിട്ടിയില്ലായെന്നുവരുമ്പോൾ സ്ത്രീകൾ തൊഴിലന്വേഷണം തന്നെ നിർത്തി തൊഴിൽ സേനയ്ക്ക് പുറത്തുപോകുന്നു. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 73.5 ശതമാനമായിരിക്കുമ്പോൾ സ്ത്രീകളുടേത് 28.5 ശതാമാനം മാത്രമാണ്. അതിനാൽ സ്ത്രീകൾക്ക് സ്വന്തമായി തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികളാണ് വനിതാഘടകപദ്ധതിയുടെ ഭാഗമായി വരേണ്ടത്. അതിനുള്ള ശ്രമങ്ങൾ നടത്തണം. വനിതാഘടകപദ്ധതിയ്ക്കായി 63,21,280/- രൂപ വകയിരുത്തുന്നു. .

24 പൊതുവിദ്യാലയങ്ങളാണ് നഗരസഭയിലുള്ളത്. പൊതുപരീക്ഷകളിൽ ഉന്നതനിലവാരം പുലർത്തുന്നു. ഭൌതിക സൌകര്യങ്ങളിൽ നിരവധി കുറവുകൾ ഇപ്പോഴുമുണ്ട്. രണ്ടായിരത്തോളം പെൺകുട്ടികൾ പഠിക്കുന്ന ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ കളിക്കളമില്ല എന്നത് അതിൽ പ്രധാനമാണ്. കഴിഞ്ഞ വർഷങ്ങളിൽ ഫർണീച്ചർ, ലാബ് ഉപകരണങ്ങൾ എന്നിവ നല്ലരീതിയിൽ വിതരണം ചെയ്തു. ഹൈസ്കൂളുകളിൽ പുതിയ കെട്ടിട സൌകര്യങ്ങളുമുണ്ടാക്കി. ഇനിവരുന്ന വർഷങ്ങളിൽ അക്കാദമിക പുരോഗതിയിലും അദ്ധ്യയനത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിലുമാണ്

ശ്രദ്ധ ആവശ്യമാകുന്നത്. വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾക്കായി 28,00,000/- രൂപ വകയിരുത്തുന്നു.

മികച്ച രോഗപ്രതിരോധവും സാന്ത്വന പരിചരണവുമാണ് ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിട്ടത്. അടിസ്ഥാന സൌകര്യങ്ങളുടെയും സേവങ്ങളുടെയും ഗുണനിലാവരം ഉയർത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കപ്പെട്ടു. ആർദ്രം മിഷൻ ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് കരുത്തേറ്റി. സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്ന നഗരസഭാപ്രദേശത്തെ സാധാരണക്കാർക്ക് ചികിത്സാരംഗത്തെ ആശ്രയമാണ് കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളും. ഇവിടെങ്ങളിലെല്ലാം ഔഷധ ലഭ്യത പൂർണ്ണമായും ഉറപ്പാക്കാൻ എല്ലാവർഷവും ശ്രദ്ധിച്ചുപോന്നിട്ടുണ്ട്. ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്കായി 3,16,00,000/- രൂപ വകയിരുത്തുന്നു. താലൂക്ക് ആശുപത്രിയിലെ പുതിയ ലിഫ്റ്റിനുള്ള 45 ലക്ഷം രൂപ, മലിന ജലസംസ്കരണത്തിനുള്ള 1 കോടി 30 ലക്ഷം രൂപ, പുല്ലൂറ്റ് ആയുർവേദാശുപത്രിയിലെ പേ വാർഡ് നിർമ്മാണം എന്നിവയെല്ലാം അതിൽപ്പെടുന്നു.

ഓരോവർഷവും ഇരുന്നൂറിലധികം പ്രൊജക്ടുകൾ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നിർവ്വഹണ പരിധിയിൽ വരാറുണ്ട്. ഇത്തവണയും റോഡു നിർമ്മാണത്തിനും റോഡ് ടാറിംഗിനും കട്ടവിരിക്കലിനും കാന നിർമ്മാണത്തിനുമൊക്കെയായി നിരവിധി നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രൊജക്ടുകളുടെ ബാഹുല്യം മൂലം വാർഡുകൾക്ക് നിശ്ചിത വിഹിതം അനുവദിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമങ്ങൾക്ക് ഇത് വിഘാതമായി നിൽക്കുന്നു. അതിനാൽ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് നഗരസഭാതലത്തിൽ മുൻഗണന നിശ്ചയിച്ചുകൊണ്ടു നടപ്പാക്കുന്ന രീതി ആവിഷ്കരിക്കേണ്ടതുണ്ട്. ഈ വർഷം എഞ്ചിനീയറിംഗ് വിഭാഗത്തിലെ പ്രവർത്തനങ്ങൾക്ക് 6,64,53,400/- രൂപ വകയിരുത്തുന്നു.

- കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുള്ള പദ്ധതികൾക്കായി 39,05,000/- രൂപ വകയിരുത്തുന്നു.
- വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾക്കായി 15,45,000/- രൂപ വകയിരുത്തുന്നു.
- നഗരത്തിൽ മൾട്ടിലെവൽ പാർക്കിംഗ് സിസ്റ്റത്തിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.
- നഗരത്തിലെ വ്യാപാര സ്ഥാപനങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവയിലെ ജൈവമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ പ്ലാന്റ് സ്ഥാപിക്കും. 10 ലക്ഷം രൂപ വകയിരുത്തുന്നു.
- നഗരസഭയിലെ ഒരു ഹയർ സെക്കന്ററി സ്കൂളിൽ സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിന് 30 ലക്ഷം രൂപ വകയിരുത്തുന്നു.
- നഗരസഭയുടെ എല്ലാ റോഡുകളിലും ആവശ്യമുള്ളിടത്ത് ഇലക്ട്രിക് പോസ്റ്റുകളിട്ട് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തുന്നു.
- ഔഷധ സസ്യബോർഡിന്റെ സഹായത്തോടെ ഒരേക്കർ സ്ഥലത്ത് കുറുന്തോട്ടി കൃഷി നടത്തുന്നതിന് 50000 രൂപ വകയിരുത്തുന്നു.
- ഓരേക്കർ സ്ഥലത്ത് പൂ കൃഷിയ്ക്കായി 50,000/- രൂപ വകയിരുത്തുന്നു.
- ഭിന്ന ലിംഗക്കാർക്കും തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിന് 1 ലക്ഷം രൂപ വകയിരുത്തുന്നു.
- എസ്.എസ്.എൽ.സി, എച്ച്.എസ്.എസ്. വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന് 1 ലക്ഷം രൂപ വകയിരുത്തുന്നു.
- വനിതകൾക്ക് കരാട്ടേ, യോഗ പരിശീലനം നൽകുന്നതിന് 2 ലക്ഷം രൂപ വകയിരുത്തുന്നു.

- നഗരസഭാപ്രദേശത്തെ സാഹിത്യകാരന്മാരുടെ കൃതികൾ വാങ്ങി, വായനശാലകളിലൂടെ വായനക്കാരിലെത്തിക്കുന്നതിന് 50,000/- രൂപ വകയിരുത്തുന്നു.
- സാംസ്കാരിക - നാടക കലാകാരന്മാരെ ആദരിക്കും
- ഭിന്നശേഷിക്കാരുടെ തൊഴിൽ നികുതി ഒഴിവാക്കും
- കാവിൽക്കടവിലെ ഫ്ളാറ്റ് പൂർത്തീകരിച്ച് 12 കുടുംബങ്ങൾക്ക് കൈമാറും
- മൂന്നു വില്ലേജുകളിലും വെൽനസ് സെന്ററുകൾ സ്ഥാപിക്കും
- മിനി സിവിൽസ്റ്റേഷനു മുന്നിൽ ആധുനിക ബസ് ഷെൽട്ടർ സ്ഥാപിക്കും
- സ്ത്രീകൾക്കും മുതിർന്ന പെൺകുട്ടികൾക്കും മെനുസ്ട്രൽ കപ്പ് വിതരണം നടത്തും

വികസന ഫണ്ട് ജനറൽ വിഹിതമായി 5,31,26,000/- രൂപയും എസ്.സി.പി വിഹിതമായി 2,07,19,000/- രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര ധനകാര്യ കമ്മീഷന്റെ അടിസ്ഥാന ഗ്രാന്റ് 1,93,01,000/- രൂപയും ജലവും ശുചിത്വവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾക്കുള്ള ഗ്രാന്റ് 2,89,51,000/- രൂപയുമാണ്. ആകെ വികസന ഫണ്ട് 12,20,97,000/- രൂപ. റോഡ് മെയിന്റനൻസ് ഗ്രാന്റ് 3,76,02,000/- രൂപയും റോഡിതര മെയിന്റനൻസ് ഗ്രാന്റ് 5,08,76,000/- രൂപയുമാണ്. ആകെ 8,84,78,000/- രൂപ. രണ്ടിനങ്ങളിലും കൂടി ലഭ്യമാകുന്ന ഫണ്ട് 21,05,75,000/- രൂപയാണ്.

നഗരസഭയുടെ തനതുഫണ്ട്, പ്ലാൻ ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട്, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ട്, കുടുംബശ്രീ പദ്ധതി ഫണ്ട് എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയതും മുന്നിരിപ്പ് ഉൾപ്പെടെ 761372974/- രൂപ വരവും 686847155/- രൂപ ചെലവും 74525819/- രൂപ നീക്കിയിരിപ്പുമുള്ള പുതുക്കിയ ബഡ്ജറ്റും മുന്നിരിപ്പ് ഉൾപ്പെടെ 1248202402/- രൂപ വരവും 1221848313/- രൂപ ചെലവും 26354089/- രൂപ നീക്കിയിരിപ്പുമുള്ള 2023-24 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റും ഇതിനാൽ അവതരിപ്പിക്കുന്നു.

ഈ ബജറ്റ് തയ്യാറാക്കാൻ സഹകരിച്ച ബഹു. ചെയർപേഴ്സൺ, ധനകാര്യ കമ്മിറ്റി അംഗങ്ങളായ ശ്രീമതി. ലീല കരുണാകരൻ, ശ്രീമതി. പാർവ്വതി, ശ്രീ. കെ. എസ്. ശിവറാം, അഡ്വ. വെങ്കിടേശ്വരൻ, ശ്രീമതി. എം. കെ. രമാദേവി, ശ്രീമതി. എ. വി. വിനീത, ശ്രീ. വി. എം. ജോണി എന്നിവർക്കും വിലയേറിയ അഭിപ്രായങ്ങൾ തന്ന് സഹായിച്ച വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, കൌൺസിലർമാർ, നഗരസഭാ സെക്രട്ടറി, വകുപ്പ് മേധാവികൾ, അക്കൌണ്ടന്റ്, മറ്റു ജീവനക്കാർ എന്നിവരോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നു. കൊടുങ്ങല്ലൂർ നഗരസഭയുടെ 2022-23 വർഷത്തെ പുതുക്കിയ ബജറ്റും 2023-24 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റും സജീവമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി വിനയപൂർവ്വം കൌൺസിൽ മുമ്പാകെ അവതരിപ്പിക്കുന്നു.

കെ. ആർ. ജൈത്രൻ
വൈസ് ചെയർമാൻ, കൊടുങ്ങല്ലൂർ നഗരസഭ

നഗരസഭ സ്ഥിതിവിവര കണക്കുകൾ 2023-24

നഗരസഭയുടെ പേര്	-	കൊടുങ്ങല്ലൂർ
രൂപംകൊണ്ട വർഷം	-	1977
വിസ്തൃതി	-	29.24 ച.കി.മീ.
ജില്ല	-	തൃശ്ശൂർ
താലൂക്ക്	-	കൊടുങ്ങല്ലൂർ
ഗ്രേഡ്	-	2
വാർഡുകൾ	-	44
അസംബ്ലി മണ്ഡലം	-	കൊടുങ്ങല്ലൂർ
പാർലമെൻറ് മണ്ഡലം	-	ചാലക്കുടി
വില്ലേജുകൾ	-	ലോകമലേശ്വരം, പുല്ലൂറ്റ്, മേത്തല

ജനസംഖ്യ (2011 സെൻസസ് പ്രകാരം)

സ്ത്രീകൾ	-	37034
പുരുഷന്മാർ	-	33834
ആകെ	-	70868 (പ്രൊവിഷണൽ)

കൊടുങ്ങല്ലൂർ നഗരസഭ

2023-24 വർഷത്തെ പ്രതീക്ഷിക്കുന്ന പദ്ധതി വിഹിതങ്ങളുടെ മേഖല വിഭജനം

1.	പ്ലാൻ ഫണ്ട് ജനറൽ	=	5,31,26,000
2.	പ്രത്യേക ഘടക പദ്ധതി (പട്ടികജാതി ക്ഷേമം)	=	2,07,19,000
3.	13-ാം ധനകാര്യ കമ്മീഷൻ അവാർഡ്	=	4,82,52,000
	ആകെ വികസന ഫണ്ട്	=	12,20,97,000
4.	റോഡ് മെയിന്റനൻസ് ഫണ്ട്	=	3,76,02,000
5.	റോഡിതര മെയിന്റനൻസ് ഫണ്ട്	=	5,08,76,000
	ആകെ	=	21,05,75,000

കൊടുങ്ങല്ലൂർ നഗരസഭ

വികസന ഫണ്ടിന്റെ മേഖല തിരിച്ചുള്ള വകയിരുത്തലുകൾ

1.	ഉത്പാദന മേഖല	=	1,13,30,602
2.	സേവന മേഖല	=	8,66,88,000
3.	പശ്ചാത്തല മേഖല	=	2,40,78,398
	ആകെ	=	**12,20,97,000**

കൊടുങ്ങല്ലൂർ നഗരസഭ

അനിവാര്യ പദ്ധതികൾ

1.	എസ്.എസ്.കെ	-	15,00,000
2.	അംഗനവാടി പോഷകാഹാര വിതരണം	-	80,00,000
3.	അംഗനവാടി വർക്കർമാരുടെ അധികവേതനം	-	31,50,000
4.	പാലിയേറ്റീവ് കെയർ	-	10,00,000
5.	ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്	-	36,00,000
6.	ഐ.കെ.എം.നുള്ള വിഹിതം	-	3,00,000
7.	ആശ്രയ	-	5,00,000
8.	വനിതകൾക്കുള്ള പദ്ധതി	-	64,00,000
9.	ശുചിത്വം, മാലിന്യസംസ്കരണം,	-	1,17,00,000
10.	പാർപ്പിടം-ലൈഫ് മിഷൻ & പി.എം.എ.വൈ.	-	1,50,00,000
11.	കുട്ടികൾ, ഭിന്നശേഷിയുള്ളവർ	-	32,00,000
12.	ജലസംരക്ഷണം	-	60,00,000
13.	വയോജനക്ഷേമം	-	14,95,000
	ആകെ	-	5,64,45,000

കൊട്ടങ്ങല്ലൂർ നഗരസഭ

പദ്ധതി വിഹിതങ്ങളുടെ വിഷയാടിസ്ഥാനത്തിലുള്ള വകയിരുത്തലുകൾ

1.	പൊതുഭരണവും ധനകാര്യവും	–	23,00,000
2.	കൃഷിയും അനുബന്ധമേഖലകളും	–	17,26,000
3.	മത്സ്യ വികസനം	–	4,00,000
4.	മൃഗസംരക്ഷണം, ക്ഷീരവികസനം	–	17,92,000
5.	പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മസംരംഭങ്ങൾ ഉൾപ്പടെ)	–	4,00,000
6.	ദാരിദ്ര്യലഘൂകരണം, ചേരി പരിഷ്കരണം	–	3,00,000
7.	സാമൂഹ്യ നീതി	–	51,00,000
8.	വനിത വികസനം	–	65,00,000
9.	പട്ടികജാതി വികസനം	–	2,07,51,000
10.	ആരോഗ്യം	–	1,04,00,000
11.	ശുചിത്വം, മാലിന്യസംസ്കരണം	–	2,98,00,000
12.	വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനക്ഷേമം	–	23,20,000
13.	കുടിവെള്ളം	–	1,15,00,000
14.	പാർപ്പിടം	–	1,75,00,000
15.	പൊതുമരാമത്ത്, ഊർജ്ജം	–	6,64,53,400
16.	ജൈവവൈവിധ്യമാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം	–	9,00,000
17.	2020-21 ൽ സ്പിൽ ഓവർ ആകുന്ന പദ്ധതികൾക്കുള്ള തുക	–	3,24,64,600
	ആകെ	–	21,05,75,000

കൊടുങ്ങല്ലൂർ നഗരസഭ

2023–24 വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന വികസന പ്രവർത്തനങ്ങൾ

1.	4000 വീടുകൾക്ക് പുതിയ കുടിവെള്ള കണക്ഷൻ നൽകും - ഇതിനായി 14 കോടി 18 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.
2.	നഗരത്തിലെ പ്രധാനപ്പെട്ട ജലസ്രോതസ്സായ പടാകുളം നബാർഡിന്റെ സഹായത്തോടെ കുടിവെള്ള പദ്ധതിയ്ക്കായി നവീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യും - 3 കോടി രൂപ
3.	മറ്റൊരു ജല സംഭരണിയായ അരാകുളം വൃത്തിയാക്കി നവീകരിച്ച് കുടിവെള്ള പദ്ധതിയ്ക്കായി വിനിയോഗിക്കും - 1 കോടി 20 ലക്ഷം രൂപ
4.	കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിതരണ പൈപ്പ് Distribution Main pipe നവീകരിക്കുന്നതിന് - 4 കോടി രൂപ
5.	പ്രാദേശിക കുടിവെള്ള പദ്ധതി പുല്ലൂറ്റ് വില്ലേജിൽ നടപ്പിലാക്കുന്നതിന് - 54 ലക്ഷം രൂപ
6.	മാടംകുളം നവീകരണം - 10 ലക്ഷം
7.	ടൂറിസം വികസനം - പ്രാരംഭ പ്രവർത്തനങ്ങൾ - 5 ലക്ഷം രൂപ
8.	പി.എം.എ.വൈ - ലൈഫ് പദ്ധതിയിൽ 439 വീടുകൾ പാവപ്പെട്ടവർക്ക് നിർമ്മിച്ച് നൽകും - 17 കോടി 56 ലക്ഷം രൂപ
9.	താലൂക്കാശുപത്രിയിൽ ഒരു പുതിയ ലിഫ്റ്റ് കൂടി സ്ഥാപിക്കും - 45 ലക്ഷം രൂപ

10.	താലൂക്ക് ആശുപത്രിയിൽ പൂർണ്ണമായും സോളാർ പദ്ധതി നടപ്പിലാക്കും - 50 ലക്ഷം രൂപ
11.	താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിൽ 10 പുതിയ മെഷീനുകൾ കൂടി സ്ഥാപിക്കും - 1 കോടി 30 ലക്ഷം രൂപ
12.	താലൂക്കാശുപത്രിയിൽ മലിന ജല സംസ്കരണത്തിന് S.T.P സ്ഥാപിക്കും- 1 കോടി 10 ലക്ഷം രൂപ
13.	പുല്ലൂറ്റ് ആയുർവേദാശുപത്രിയോടനുബന്ധിച്ച് പുതിയ പേ വാർഡ് നിർമ്മിക്കും
14.	നഗരത്തിലെ വ്യാപാരസ്ഥാപനങ്ങൾ, ഹോട്ടലുകൾ,റെസ്റ്റോറന്റുകൾ എന്നിവയിൽ നിന്ന് ജൈമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് ഓർഗാനിക് - വേസ്റ്റ് കൺവെർട്ടർ സ്ഥാപിക്കും - 10 ലക്ഷം രൂപ
15.	നഗരസഭയുടെ എല്ലാ റോഡുകളിലും ഇലക്ട്രിക് പോസ്റ്റുകളിട്ട് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കും
16.	നഗരസഭയുടെ അനധീനതയിലുള്ള ഒരു ഹയർ സെക്കന്ററി സ്കൂളിൽ പൂർണ്ണമായും സോളാർ സിസ്റ്റം സ്ഥാപിക്കും - 30 ലക്ഷം രൂപ
17.	ഔഷധ സസ്യബോർഡിന്റെ സഹായത്തോടെ ഒരേക്കർ സ്ഥലത്ത് കുറുന്തോട്ടി കൃഷി ചെയ്യും - 50,000/- രൂപ
18.	ഒരേക്കർ സ്ഥലത്ത് പൂകൃഷി ചെയ്യും - സബ്സിഡി - 50000 രൂപ
19.	ഭിന്നലിംഗക്കാർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കും - 1 ലക്ഷം രൂപ
20.	PHC, FHC എന്നിവയിലെ ലാബ് സംവിധാനങ്ങളുടെ സൌകര്യം വർദ്ധിപ്പിക്കും
21.	SSLC - ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം - 1 ലക്ഷം രൂപ

22.	സ്കൂൾ വിദ്യാർത്ഥികൾക്ക് വോളീബോൾ പരിശീലനം നൽകി പുതിയ വോളീബോൾ ടീം രൂപീകരിക്കും - 15000 രൂപ
23.	വനിതകൾക്ക് കരാട്ടെയിലും യോഗയിലും പരിശീലനം നൽകും - 2 ലക്ഷം രൂപ
24.	നഗരത്തിലുള്ള സാഹത്യകാരന്മാരുടെ കൃതികൾ വാങ്ങി നഗരസഭയിലെ ലൈബ്രറി വഴി വായനക്കാർക്ക് വിതരണം ചെയ്യും - 50,000 രൂപ
25.	സാംസ്കാരിക - നാടക കലാകാരന്മാരെ ആദരിക്കും
26.	ഭിന്നശേഷിക്കാരുടെ തൊഴിൽ നികുതി ഒഴിവാക്കും
27.	യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തും
28.	കാവിൽക്കടവിലെ 12 കുടുംബങ്ങൾക്ക് വേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഫ്ലാറ്റുകൾ പണി പൂർത്തീകരിച്ച് കൈമാറും
29.	വടക്കെ നടയിലെ തെരുവ് കച്ചവടക്കാരെ കാവിൽക്കടവ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന റീഹാബിലിറ്റേഷൻ സോണിലേയ്ക്ക് മാറ്റും
30.	നഗരപ്രദേശത്തെ മൂന്ന് വില്ലേജുകളിലുമായി മൂന്ന് ഹെൽത്ത് വെൽനസ്സ് സെന്ററുകൾ സ്ഥാപിക്കും
31.	മിനി സിവിൽസ്റ്റേഷന് സമീപം ആധുനിക ബസ് ഷെൽട്ടർ നിർമ്മിക്കും
32.	കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതിക്ഷേത്രത്തിൽ വാട്ടർ എ.ടി.എം.സ്ഥാപിക്കും
33.	ക്ഷീര കർഷകർക്ക് ഇൻസെന്റീവ് നൽകും - 12 ലക്ഷം
34.	നഗരസഭയിലെ സാനിട്ടേഷൻ വർക്കർമാർക്ക് സൌജന്യ മെഡിക്കൽ ക്യാമ്പും രോഗപരിശോധനയും മരുന്നും നൽകും - 50,000 രൂപ
35.	മണ്ഡല മകരവിളക്ക് സീസണിൽ ശ്രീകുരുംബ ക്ഷേത്ര ദർശനത്തിനായി എത്തിച്ചേരുന്ന അയ്യപ്പന്മാർക്ക് സൌജന്യ ഭക്ഷണവും വിരിവെക്കാൻ സൌകര്യവും കുടിവെള്ളവും നൽകും
36.	വാർഡ് 13 ലെ അംഗൻവാടി കെട്ടിടം പണി പൂർത്തീകരിച്ച് പ്രവർത്തനമാരംഭിക്കും

37.	നഗരത്തിലെ കേടുവന്ന റോഡുകളും കാനകളും നവീകരിക്കും
38.	നഗരത്തിലെ പൊതുകിണറുകളും തോടുകളും കുളങ്ങളും വൃത്തിയാക്കി നവീകരിക്കും
39.	വനിതകൾക്കും സ്കൂളിലെ പ്രായമായ പെൺകുട്ടികൾക്കും മെൻസ്ട്രുവൽ കപ്പ് വിതരണവും ബോധവത്ക്കരണവും നടത്തും
40.	മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകൃഷിക്ക് സഹായം നൽകും
41.	തെങ്ങ് -വാഴ - പൊട്ടുവെള്ളരി - പച്ചക്കറി ഗ്രോബാഗ് കൃഷി എന്നിവയ്ക്ക് സഹായം നൽകും - 16,26,000 രൂപ
42.	പശു, ആട്, പോത്തുകുട്ടി എന്നിവയെ വാങ്ങി വളർത്തുന്നതിനും കാലിത്തീറ്റ, കന്നുകുട്ടികൾക്കുമായി സഹായം - 19,67,000/- രൂപ
43.	ആശ്രയ പദ്ധതി - 5 ലക്ഷം
44.	അജൈവ മാലിന്യ സംസ്കരണം - 20 ലക്ഷം
45.	യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിന്റെ ഭാഗമായി ഡിജിറ്റൽ മീഡിയ ഡിസൈനിങ് കോഴ്സിൽ പരിശീലനം നൽകി തൊഴിൽ നൽകും - 7,50,000/-
46.	നഗരത്തിലെ എല്ലാ റോഡുകളിലും നെയിം ബോർഡുകൾ സ്ഥാപിക്കും
47.	വിദ്യാർത്ഥികൾക്കും യുവാക്കൾക്കുമിടയിലുള്ള മയക്കുമരുന്നുപയോഗം ഇല്ലാതാക്കുന്നതിന് ബോധവത്ക്കരണ പദ്ധതികൾ നടപ്പിലാക്കും - 50,000/-
48.	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകും - 15 ലക്ഷം
49.	പട്ടികജാതിയിലെ അഭ്യസ്ത വിദ്യരായ യുവാക്കൾക്ക് അപ്രന്റീസ് ട്രെയ്നിങ്ങ് സ്റ്റൈപ്പന്റ് - 2,88,000

50.	പട്ടികജാതിയിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം - 3,75,000
51.	പട്ടികജാതിക്കാരുടെ ഭവന പുനഃരുദ്ധാരണം- 22,50,000
52.	പട്ടികജാതി വിദേശ തൊഴിൽ സഹായം - 2,50,000
53.	താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്- 20 ലക്ഷം
54.	കീമോതെറാപ്പി രോഗികൾക്ക് റിഫ്രഷ്മെന്റ്സ് - 3 ലക്ഷം
55.	ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് -36 ലക്ഷം
56.	അംഗൻവാടിയിലെ കുട്ടികൾക്കും അമ്മമാർക്കും കൌമാരപ്രായക്കാർക്കും പോഷകാഹാരം - 60 ലക്ഷം
57.	നഗരസഭയിലെ ഹയർസെക്കന്ററി സ്കൂളുകളിൽ പഞ്ചിംഗ് ഏർപ്പെടുത്തും - 7 ലക്ഷം
58.	നഗരസഭാ ഓഫീസിനോടനുബന്ധിച്ച് റെയിൽവേ ടിക്കറ്റ് കൌണ്ടർ ഏർപ്പെടുത്തും - 3 ലക്ഷം
59.	പട്ടികജാതി കോളനി നവീകരണം - 1 കോടി രൂപ
60.	മുനിസിപ്പൽ പാർക്ക് നവീകരണം - 25 ലക്ഷം
61	നഗരത്തിൽ ആധുനിക മൾട്ടിലെവൽ പാർക്കിങ്ങ് സിസ്റ്റം - 10 ലക്ഷം

62	വയോമിത്രം - 10 ലക്ഷം പാലിയേറ്റീവ് - 10 ലക്ഷം
63	കുട്ടികൾക്ക് കലാപരിശീലനം - 3 ലക്ഷം
64	വിദ്യാർത്ഥികൾക്ക് അത് ലറ്റിക് പരിശീലനം - 30,000 രൂപ
65	രജിസ്റ്റേർഡ് സ്പോർട്സ് ക്ലബ്ബുകൾക്ക് കിറ്റുകൾ - 1,20,000 രൂപ
66	മൊബൈൽ ടോയ് ലറ്റുകൾ സ്ഥാപിക്കും - 8 ലക്ഷം
67	ബൊക്കാഷി ബക്കറ്റുകൾ - 5 ലക്ഷം
68	പട്ടികജാതിക്കാർക്ക് ബയോ ബിന്നുകൾ - 11 ലക്ഷം
69	ദുരന്തനിവാരണ ഉപകരണങ്ങൾ, പരിശീലനം - 9 ലക്ഷം
70	നഗരത്തിലെ വിവിധ കേന്ദ്രങ്ങളിൽ ഡിജിറ്റൽ ബോർഡുകൾ സ്ഥാപിക്കും
71	നഗരത്തിൽ ക്യാമറകൾ സ്ഥാപിക്കും

കൊടുങ്ങല്ലൂർ നഗരസഭ

നഗരസഭ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾ

1. പട്ടികജാതി വികസനം

ക്രമ നം.	പ്രോജക്ടുകളുടെ പേര്	തുക
1.	പട്ടികജാതി കോളനി നവീകരണം	12929332
2.	പട്ടികജാതി വിഭാഗക്കാർക്ക് വിദേശ തൊഴിൽ ധനസഹായം	250000
3.	പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് അപ്രന്റിസ്ഷിപ് സ്റ്റൈപ്പന്റ്	288000
4.	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി	600000
5.	പട്ടികജാതി വിഭാഗക്കാർക്ക് ബയോ ബിൻ	1100000
6.	പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം	375000
7.	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം	500000
8.	പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം	500000
9.	പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്	1500000
10.	പട്ടികജാതി വിഭാഗക്കാരുടെ വീട് വാസയോഗ്യമാക്കൽ	2250000

2. വനിതാ ഘടകപദ്ധതി

ക്രമ നം.	പ്രോജക്ടുകളുടെ പേര്	തുക
1.	എച്ച്.ഡി.പി. ഇ. ചട്ടി	726000
2.	വനിതകൾക്ക് കരാട്ടെ പരിശീലനം	110000
3.	വനിതകൾക്ക് യോഗ പരിശീലനം	110000
4.	വനിതകൾക്ക് ജിംനേഷ്യം	800000
5.	ജെൻഡർ റിസോഴ്സ് സെൻറർ	200000
6.	പോത്തുകുട്ടി പരിപാലനം	240000
7.	കന്നുകുട്ടി പരിപാലനം	625000
8.	ആട് വളർത്തൽ	252000
9.	കാലിത്തീറ്റ	300000
10.	കറവപശു വിതരണം	300000

3. കുട്ടികൾ, ഭിന്നശേഷിക്കാർ

ക്രമ നം.	പ്രോജക്ടുകളുടെ പേര്	തുക
1.	ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്	3600000
2.	ഭിന്നശേഷി കുട്ടികൾക്കുള്ള കലാമത്സരം	25000
3.	അംഗൻവാടി കുട്ടികൾക്കുള്ള കലാമത്സരം	15000
4.	ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ, ക്രിക്കറ്റ് വോളി ബോൾ പരിശീലനം	115000
5.	സർക്കാർ സ്കൂളുകളിലെ ലൈബ്രറികൾ, ക്ലബ്ബുകളിലേക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങൽ	400000
6.	ബാലസഭ പ്രവർത്തനങ്ങൾ	50000
7.	പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിവിധ ധനസഹായങ്ങൾ	3100000
8	മത്സ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണ്ണിച്ചർ -10 യൂണിറ്റ് - 8000	80000

4. വയോജനക്ഷേമം

ക്രമ നം.	പ്രോജക്ടുകളുടെ പേര്	തുക
1.	വയോമിത്രം	1000000
2.	പകൽവീട് പ്രവർത്തന ചെലവ് (വയോ ക്ലബ്ബ്)	50000
3.	വയോജനങ്ങൾക്ക് കട്ടിൽ വിതരണം	495000
4.	പാലിയേറ്റീവ് കെർ	1000000

കൊടുങ്ങല്ലൂർ നഗരസഭ

ബഡ്ജറ്റ് ഒറ്റനോട്ടത്തിൽ

	പുതുക്കിയ ബഡ്ജറ്റ് 2022-23	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-24
മുന്നിരിപ്പ്	9,00,08,273	7,45,25,819
വരവ്	67,13,64,701	117,36,76,583
ആകെ	76,13,72,974	124,82,02,402
ചെലവ്	68,68,47,155	122,18,48,313
നീക്കിയിരിപ്പ്	7,45,25,819	2,63,54,089

കൊടുങ്ങല്ലൂർ നഗരസഭ
3 വർഷങ്ങളിലെ സാമ്പത്തിക നില കാണിക്കുന്ന പട്ടിക

വർഷം	വർഷാരംഭത്തിലെ മുന്നിരിപ്പ്	തൻവർഷത്തെ വരവ്	മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ്	തൻവർഷത്തെ ചെലവ്	നീക്കിയിരിപ്പ്
2021-22	36709752	570872959	607582711	517574438	90008273
2022-23	90008273	671364701	761372974	686847155	74525819
2023-24	74525819	1173676583	1248202402	1221848313	26354089

കൊടുങ്ങല്ലൂർ നഗരസഭ

2023-2024 സാമ്പത്തികവർഷത്തെ അന്തിമ ബജറ്റ്

kodungallur Municipality

Final Budget for the Financial Year 2023-2024

kodungallur Municipality Final Budget for the Financial Year 2023-2024

BUDGET STATEMENT

	PARTICULARS	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
A	Opening balance (net) (ws-1)	3,67,09,752	9,00,08,273	7,45,25,819
B	a) Tax revenue-നികുതി വരുമാനം (BS-1)	5,04,84,095	7,08,93,778	8,13,00,000
C	b) Non tax revenue-നികുതിയിതര വരുമാനം (BS-2)	2,02,58,308	2,56,36,156	3,00,54,050
D	Total Own Fund-ആകെ തനത് ഫണ്ട് (B+C)	7,07,42,403	9,65,29,934	11,13,54,050
E	c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് (BS-3)	3,84,41,000	3,51,45,000	4,31,45,000
F	Total -ആകെ (D+E)	10,91,83,403	13,16,74,934	15,44,99,050
G	d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക് (BS-4)	19,70,59,735	26,60,52,988	55,29,56,733
H	e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ഇതര ചെലവുകൾക്ക് (BS-5)	18,82,93,800	19,84,99,960	20,86,04,200
I	Toal Revenue Income -ആകെ റവന്യൂ വരവുകൾ (F+G+H)	49,45,36,938	59,62,27,882	91,60,59,983
J	Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ (BS-6)	1,08,00,000	0	15,34,00,000

PARTICULARS		Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)
K	Capital Income other than loans -വായ്പ ഒഴികെ മൂലധന വരവുകൾ (BS-7)	6,55,36,021	7,51,36,819	10,42,16,600
L	Total Capital Income-ആകെ മൂലധന വരവുകൾ (J+K)	7,63,36,021	7,51,36,819	25,76,16,600
M	Total Income -ആകെ വരവുകൾ (I+L)	57,08,72,959	67,13,64,701	117,36,76,583
N	Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും (M+A)	60,75,82,711	76,13,72,974	124,82,02,402
O	Revenue Expenditure-Statutory functions-റവന്യൂ ചെലവുകൾ-അനിവാര്യ ചുമതലകൾക്ക് (BS-8)	11,48,18,930	12,48,79,585	14,43,52,500
P	Revenue Expenditure-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ (BS-9)	17,11,97,386	30,17,44,738	76,86,91,613
Q	Revenue Expenditure-Non-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ (BS-10)	18,82,93,800	19,84,99,960	20,86,04,200
R	Total Revenue Expenditure -ആകെ റവന്യൂ ചെലവുകൾ (O+P+Q)	47,43,10,116	62,51,24,283	112,16,48,313
S	Capital Expenditure -Loan repayments-മൂലധന ചെലവുകൾ-വായ്പ തിരിച്ചടവ് (BS-11)	0	0	75,00,000
T	Capital expenditure other than loan repayments -മറ്റ് മൂലധന ചെലവുകൾ (BS-12)	4,32,64,322	6,17,22,872	9,27,00,000
U	Total Capital Expenditure -ആകെ മൂലധന ചെലവുകൾ ചെലവുകൾ (S+T)	4,32,64,322	6,17,22,872	10,02,00,000
V	Total Expenditure -ആകെ ചെലവുകൾ (R+U)	51,75,74,438	68,68,47,155	122,18,48,313
W	Closing Balance-നീക്കി ബാക്കി (N-V)	9,00,08,273	7,45,25,819	2,63,54,089

kodungallur Municipality Final Budget for the Financial Year 2023-2024				
BS-1-REVENUE INCOME-TAXES- (നികുതി വരുമാനം)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
1100101	Property Tax-വസ്തു നികുതി	3,83,87,000	5,21,93,778	6,00,00,000
1101001	Profession Tax – Institutions / Professionals/Traders - തൊഴിൽ നികുതി (സ്ഥാപനങ്ങൾ / പ്രൊഫഷണലുകൾ / വ്യാപാരികൾ)	32,50,000	42,00,000	48,00,000
1101002	Profession Tax - Employees - തൊഴിൽനികുതി (ജീവനക്കാർ)	84,93,428	1,10,00,000	1,25,00,000
1101601	Entertainment Tax-വിനോദനികുതി	3,53,667	35,00,000	40,00,000
110	Total-Tax Revenue-ആകെ നികുതി വരവ്	5,04,84,095	7,08,93,778	8,13,00,000

BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരുമാനം)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)
130 - Rental Income from Municipal Properties - നഗരസഭാ വസ്തുവകകളിൽനിന്നുള്ള ആകെ വാടകവരുമാനം				
1301002	Rent from Town Hall - ടൗൺ ഹാൾ വാടക	1,83,920	8,00,000	20,00,000
1301008	Rent from shopping complex - ഷോപ്പിംഗ് കോംപ്ലക്സ്	49,39,200	62,71,142	65,85,000
1301011	Rent from conference Hall - കോൺഫറൻസ് ഹാൾ വാടക	68,000	1,50,000	5,00,000
1304001	Rent from Lease of Lands - ഭൂമി പാട്ടത്തിനു നൽകിയതിൽനിന്നുള്ള വരവ്	1,22,300	1,25,820	2,15,000
130	Total Rental Income from Municipal Properties - നഗരസഭാ വസ്തുവകകളിൽനിന്നുള്ള ആകെ വാടകവരുമാനം	53,13,420	73,46,962	93,00,000
BS-2 PARTICULARS		Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)
140 - Fees & User Charges - ഫീസുകളും യൂസർ ചാർജുകളും				
1401001	Private Hospital & Paramedical Institutions Registration Fee - സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ഫീ	9,400	10,000	12,000
1401002	Tutorial College Registration Fee - ട്യൂട്ടോറിയൽ കോളജ് രജിസ്ട്രേഷൻ ഫീ	1,200	2,000	2,200
1401099	Other Empanelment & Registration Charges - മറ്റ് എംപാനൽമെന്റ് & രജിസ്ട്രേഷൻ ചാർജ്ജുകൾ	33,795	35,000	40,000

1401101	License Fees for Dangerous & Offensive Trades - വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ്	27,81,215	34,26,775	37,69,450
1401103	License Fees under P.P.R ACT - പി.പി.ആർ നിയമപ്രകാരമുള്ള ലൈസൻസ് ഫീസ്	0	85,000	1,00,000
1401104	License Fees under Cinema Regulation Act - സിനിമാ റെഗുലേഷൻ നിയമപ്രകാരമുള്ള ലൈസൻസ് ഫീസ്	4,725	6,000	7,000
1401107	License Fees for Domestic Dogs - വളർത്തുനായ്ക്കൾ - ലൈസൻസ് ഫീ	1,500	75,000	1,00,000
1401199	Other Licensing Fees - മറ്റ് ലൈസൻസ് ഫീസുകൾ	8,400	10,000	12,000
1401201	Fees for Construction of Buildings - കെട്ടിട നിർമ്മാണ ഫീസ്	10,28,919	18,00,000	20,00,000
1401202	Fees for Installation of Machinery - യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ്	13,119	15,000	18,000
1401203	Fees for Construction of Factory - ഫാക്ടറി നിർമ്മാണത്തിനുള്ള ഫീസ്	0	6,000	7,000
1401299	Other Fees for Grant of Permit - പെർമിറ്റ് അനുവദിക്കുന്നതിനുള്ള മറ്റ് ഫീസുകൾ	27,282	50,000	75,000
1401301	Fees for Birth & Death Certificate - ജനന - മരണ സർട്ടിഫിക്കേറ്റ് ഫീസ്	5,28,467	5,38,499	5,50,000
1401302	Fees for Delayed Registration - Birth & Death Certificate - ജനന മരണങ്ങൾ വൈകി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ്	400	1,000	2,000
1401303	Fees for Marriage Certificate - വിവാഹ സർട്ടിഫിക്കറ്റ് ഫീസ്	52,985	60,000	65,000
1401304	Fees for Ownership Certificate - ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനുള്ള ഫീസ്	72,485	80,000	90,000

1401399	Fees for Other Certificates or Extracts - മറ്റ് സർട്ടിഫിക്കറ്റുകൾ/ പകർപ്പുകൾ എന്നിവയ്ക്കുള്ള ഫീസ്	872	1,000	1,500
1401501	Regularization Fees - ക്രമവത്ക്കരണത്തിനുള്ള ഫീസ്	19,50,435	20,00,000	25,00,000
1402001	Penalties - പെനാൽറ്റികൾ/പിഴകൾ	33,639	2,00,000	3,00,000
1402002	Penal Interest - പിഴപ്പലിശ	5,13,936	20,00,000	21,00,000
1402003	Fines (ഫൈനുകൾ)	4,58,289	4,75,000	5,00,000
1404002	Notice Fees - നോട്ടീസ് ഫീസ്	0	100	500
1404003	Warrant fees - വാറണ്ട് ഫീസ്	450	500	1,000
1404004	Ownership Change Fees - ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ്	1,58,495	1,75,000	2,00,000
1404007	Advertisement Fees - പരസ്യനികുതി	18,000	29,900	35,000
1404008	Delayed Registration Fees - വൈകി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ഫീസ്	1,250	1,500	2,000
1404009	Search Fees - തെരച്ചിൽ ഫീസ്	84	300	500
1404099	Other Fees - മറ്റ് ഫീസുകൾ	4,81,954	4,90,000	5,00,000
1405001	Water Charges - വാട്ടർ ചാർജ്	500	1,000	2,000

1405004	Electricity Charges - വൈദ്യുതി ചാർജ്ജുകൾ	11,354	20,000	35,000
1405009	Public Sanitation Charges - പൊതു ശുചിത്വസംവിധാനങ്ങൾക്കുള്ള / കംഫർട്ട് സ്റ്റേഷൻ ചാർജ്ജുകൾ	93,875	1,70,000	2,00,000
1405010	Market Fees - മാർക്കറ്റ് ഫീസ്	10,00,000	10,02,000	12,00,000
1405011	Bus Stand Fees - ബസ് സ്റ്റാന്റ് ഫീസ്	2,69,125	9,20,000	12,50,000
1405016	Receipts from Libraries - ലൈബ്രറി വരവുകൾ	58,134	75,000	90,000
1405018	Receipts from Hospitals & Dispensaries - ആശുപത്രികൾ, ഡിസ്പൻസറികൾ, എന്നിവടങ്ങളിൽ നിന്നുള്ള വരവുകൾ	1,10,000	1,00,000	1,25,000
1405020	Crematorium fees - ശ്മശാനം ഫീസ്	5,07,000	5,39,000	5,92,900
1405099	Other User Charges - മറ്റ് യൂസർ ചാർജ്ജുകൾ	37,650	50,000	75,000
1407001	Road Cutting Charges - റോഡ് കട്ടിംഗ് ചാർജ്ജുകൾ	19,90,387	8,00,000	10,00,000
1409001	Remission and Refund - Fees - ഫീസുകൾ ഇളവു ചെയ്യൽ, തിരികെ നൽകൽ	9,91,273	50,000	50,000
140	Total Fees & User Charges - ഫീസുകളും യൂസർ ചാർജുകളും	1,32,50,594	1,53,00,574	1,76,10,050
	BS-2 PARTICULARS	**Actuals for the year 2021-2022 (കണക്ക് 2021-2022)**	**Budget for the year (including all revisions) 2022-2023**	**Budget for the Year2023-2024 (ബജറ്റ്-2023-2024)**
	150 - Sale & Hire Charges - വിൽപ്പന - വാടക ചാർജുകൾ			

1501005	Sale of Sand - മണൽ വിൽപ്പന	60,500	3,00,000	3,25,000
1501006	Sale of Manure - വളം വിൽപ്പന	35,000	1,41,120	1,50,000
1501099	Sale of Other Products - മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പന	27,200	75,000	90,000
1501101	Sale of Forms(others) - മറ്റ് ഫാറങ്ങളുടെ വിൽപ്പന വരവ്	2,78,304	11,25,000	11,50,000
1501202	Sale of Scrap - പാഴ് വസ്തുകളുടെ വിൽപ്പന വരവ്	2,27,586	2,35,000	2,50,000
1501203	Receipts from auction of obsolete assets - ആസ്തികളുടെ ലേലം - വരവ്	1,66,700	1,75,000	2,00,000
1503001	Miscellaneous Sales പലവക ഇനങ്ങൾ - വില്പന വരവുകൾ	23,085	35,000	50,000
150	Total-Sale & Hire Charges - വിൽപ്പന - വാടക ചാർജുകൾ (ആകെ)	8,18,375	20,86,120	22,15,000

BS-2 PARTICULARS	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)

151 - Receipts from Transferred Institutions

BS-2 PARTICULARS	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)

170 - Income from Investments - നിക്ഷേപങ്ങളിൽനിന്നുള്ള വരവുകൾ

BS-2 PARTICULARS	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)

171 - Interest Earned - പലിശവരുമാനം				
1711001	Interest from Bank Accounts - ബാങ്ക് അക്കൗണ്ടുകളിലെ പലിശവരവ്	8,74,755	9,00,000	9,25,000
1712001	Interest on Loans and advances to Employees - ജീവനക്കാർക്കുള്ള വായ്പ / മുൻകൂറുകളിൽനിന്നുള്ള പലിശ	995	1,500	2,000
171	Total Interest Earned - പലിശവരുമാനം ആകെ	8,75,750	9,01,500	9,27,000
BS-2 PARTICULARS		Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)
180 - Other Income - മറ്റു വരുമാനം				
